## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3967** **11.11.2019 ൽ മറുപടിയ്ക്ക്**

## വനിത-ശിശുക്ഷേമ ഓഫീസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | വനിത-ശിശുക്ഷേമ ഓഫീസുകൾ ഇപ്പോൾ ഏതൊക്കെ തലങ്ങളിലാണുള്ളത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാന തലത്തിൽ വനിത ശിശു വികസന ഡയറക്ടറേറ്റ്, നിർഭയ സെൽ, സംസ്ഥാന ശിശു സംരക്ഷണ യൂണിറ്റ് എന്നിവയും ജില്ലാതലത്തിൽ 14 ജില്ലാ വനിത ശിശു വികസന ഓഫീസുകൾ, 14 ജില്ലാ പ്രോഗ്രാം ഓഫീസുകൾ, 14 വനിത പ്രൊട്ടക്ഷൻ ഓഫീസുകൾ, 14 ജില്ലാ ശിശു സംരക്ഷണ ഓഫീസുകൾ, ബ്ലോക്ക് തലത്തിൽ 258 ശിശു വികസന പദ്ധതി ഓഫീസുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ഇവയ്ക്ക് പുറമേ നിർഭയ സെല്ലിന് കീഴിൽ വകുപ്പ് നേരിട്ട് നടത്തുന്ന ഒരു SOS മോഡൽ ഷെൽട്ടർ ഹോമും വിവിധ ജില്ലകളിലായി 14 വിമൺ & ചിൽഡ്രൻസ് ഹോമുകളും പ്രവർത്തിയ്ക്കുന്നു. വിവിധ ജില്ലകളിലായി 10 ഗ്രേഡ്-I ക്ഷേമ സ്ഥാപനങ്ങളും 16 ഗ്രേഡ്-II ക്ഷേമ സ്ഥാപനങ്ങളും 14 ഗ്രേഡ്-III ക്ഷേമ സ്ഥാപനങ്ങളും വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. |
| (ബി) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓഫീസുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഓഫീസുകൾ സ്ഥാപിയ്ക്കുന്നതിന് ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വാഴൂർ സിവിൽ സ്റ്റേഷനിൽ ഒഴിവുള്ള സ്ഥലത്ത് പ്രസ്തുത ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള വാഴൂർ ഐ.സി.ഡി.എസ്. പ്രോജക്ട് നിലവിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വാഴൂരിലാണ് പ്രവർത്തിയ്ക്കുന്നത്. ഈ ഓഫീസ് സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റാനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.